പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3380 — 13.03.2017 ൽ മറുപടിക്ക്

## സൗരോർജ്ജ ബോട്ട് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജത്തിന്റെ സഹായത്തോടെയുള്ള ജലഗതാഗത പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജലഗതാഗതം പൂർണ്ണമായും സൗരോർജ്ജ സഹായത്തോടെയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; | (എ) ഉൾനാടൻ ജലഗതാഗതം മലിനീകരണ വിമുക്തവും പരിസ്ഥിതി സൗഹൃദപരവുമായ രീതിയിലേയ്ക്ക് മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് ഇന്ത്യയിൽ തന്നെ ആദ്യ സംരംഭം എന്ന നിലയിൽ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ആയതിന്റെ വിജയ സാദ്ധ്യത പരിശോധിച്ച് കൂടുതൽ ബോട്ടുകൾ വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) സംസ്ഥാനത്തെ ആദ്യ സൗരോർജ്ജ ബോട്ടായ ആദിത്യ സർവ്വീസ് ആരംഭിച്ച് ചുരുങ്ങിയ കാലത്തിനുള്ളിൽ തകരാറിലായിട്ടുണ്ടോ; എങ്കിൽ ഇതിന് പിന്നിൽ എന്തെങ്കിലും അസ്വാഭാവികതയുള്ളതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി)യും (സി)യും വകുപ്പിന്റെ ആദ്യ സൗരോർജ്ജ ബോട്ടായ ആദിത്യ സർവ്വീസ് ആരംഭിച്ച് നാളിതുവരെ തകരാറിലായിട്ടില്ല. ആദിത്യയുടെ റഡാർ പ്ലേറ്റ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവം നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം നടന്നു വരുന്നു. |
| (സി) ഇതിന്റെ തകരാർ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ? | |

സെക്ഷൻ ഓഫീസർ